"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - വയനാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനാനുമതി ലഭിച്ച ശ്രീ. ഇയാസ് ബീരാളിയ്ക്ക് വയനാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.194/2025/GEDN തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:- 1. 24.5.1999-ലെ സ.ഉ.(അ) നം. 12/99/ഉ.ഭ.പ.വ

2. 20.07.2022-ലെ സ.ഉ(കൈ)നം.129/2022/പൊ.വി.വ

3. 14.07.2023 -ലെ സ.ഉ (അ)നം.12/2023/ഉ.ഭ.പ.വ

4. 27.02.2025-ന് ശ്രീ. ഇയാസ് ബീരാളി സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ

5. 06.08.2025-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/6536/2025-എ4 നമ്പർ കത്ത്

6. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.09.2025-ലെ റൂൾസ് ബി2/29/2025/ഉ.ഭ.പ.വ നമ്പർ സർക്കുലർ

7. 09.11.2025-ലെ സ.ഉ.(അ) നം.15/2025/ഉ.ഭ.പ.വ

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ ചേമ്പിലോട് ജി.എൽ.പി സ്കൂളിൽ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച അന്ത്രു വീരാളി-യുടെ മകൻ ശ്രീ. ഇയാസ് ബീരാളി-യ്ക്ക് വയനാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി നല്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ക്ലാർക്ക് തസ്തികയിലെ നിയമനത്തിന് കാലതാമസമെടുക്കുമെന്നതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിന് പരിഗണിക്കണമെന്നപേക്ഷിച്ചുകൊണ്ട് ശ്രീ. ഇയാസ് ബീരാളി പരാമർശം (4) അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഇയാസ് ബീരാളി-യ്ക്ക് വയനാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി നൽകിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്തും പരാമർശം (1) ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കും വിധേയമായി, ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടെയും നിയമാവലിയുടെയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും പരാമർശം (5) പ്രകാരം വയനാട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിതനിയമനത്തിനായുള്ള ശ്രീ.ഇയാസ് ബീരാളി-യുടെ സാധ്യത മുൻനിർത്തി ടിയാന്റെ പരാമർശം (4) അപേക്ഷ പരിഗണിച്ച് 24.08.2020 തീയതിയായുള്ള

അപേക്ഷാ സീനിയോരിറ്റി പരാമർശം (6) പ്രകാരം നിലനിർത്തിക്കൊണ്ട് ശ്രീ. ഇയാസ് ബീരാളി-യ്ക്ക് വയനാട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ ഈ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയപ്പോഴോ എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് ബോധ്യമാകുന്ന പക്ഷം ഏതു സമയത്തും ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

4. ഇത് സംബന്ധിച്ച നിയമന ഉത്തരവ് നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീ.ഇയാസ് ബീരാളി-യുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ (അന്ത്രു വീരാളി, പി.ടി.സി.എം, ജി.എൽ.പി സ്കൂൾ, ചേമ്പിലോട്, വയനാട്) സേവനപുസ്തകത്തിലും ടിയാൻ അവസാനം സേവനമനുഷ്ഠിച്ച എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും ആയത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5. പരാമർശം (3) പ്രകാരം ആശ്രിതനിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണസമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്
ഹെഡ് മാസ്റ്റർ, ജി.എൽ.പി സ്കൂൾ, ചേമ്പിലോട്, വയനാട്
Sri.Iyas Beerali (Beerali House, Edavaka P.O, Mananthavady, Wayanad 670 645 - (By Speed Post)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
സെക്ഷൻ ഓഫീസർ
Date: 27-12-2025 16:56:00

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*